ആകെ സ്ഥലം എത്ര രൂപാ വരെ ചെലവു കാണും എന്നു ചോദിച്ചു വന്നിട്ടുണ്ടു്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): ഈ തുകയിൽ നിയമസഭ സംബന്ധിച്ചുള്ള ചെലവും ഉൾപ്പെട്ടിട്ടുണ്ടോ?

MR. PRESIDENT: അതു ഞാൻ പറഞ്ഞുകഴിഞ്ഞു. രണ്ടു സഭയുടെയും ചെലവു് ഇതിലുണ്ടു്. വളരെ നിഷ്കർഷയായി നോക്കിയാൽ നിയമസഭയുടെ ചെലവു് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ പാടില്ല. ഇപ്പോൾ മെമ്പർമാർ പ്രതിനിധിസഭയ്ക്കു വന്നിരിക്കുകയാണു്. എന്നാൽ തിങ്കളാഴ്ചമുതൽ നിയമസഭ തുടങ്ങുന്നു. രണ്ടിനും കൂടി ഒരുമിച്ചു് ടി. എ. വാങ്ങിക്കാൻ പാടില്ലാ എന്നാണു കിട്ടും. അതിനാൽ രണ്ടും രണ്ടായി കണക്കാക്കി ചെലവു ചെയ്യുവാൻ പ്രായോഗികമായ വിഷമങ്ങൾ ഉണ്ടു്. അതുകൊണ്ടു സഭാപ്പടിയേയും, ദിനപ്പടിയേയും സംബന്ധിച്ചിടത്തോളം പ്രതിനിധിസഭയുടെയും, നിയമസഭയുടെയും കൂടി ഒന്നായി ഗണിച്ചിരിക്കുന്നു. രണ്ടായിത്തന്നെ ഗണിക്കണമെന്നു സഭ തീരുമാനിക്കുന്നപക്ഷം അപ്രകാരം ചെയ്യാവുന്നതാണു്.

MR. K. S. JOSEPH (*Thiruvella VI—General*): ബഡ്ജറ്റു സ്പീകരിക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. PRESIDENT: ഈ ബഡ്ജറ്റു പ്രൊപ്പോസൽ അതേപടി തന്നെ സ്പീകരിക്കുന്നതു സഭയുടെ സമ്മതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബഡ്ജറ്റു് പാസ്സാക്കിയിരിക്കുന്നു.

ഇന്നത്തെ അജണ്ടയിൽ ബഡ്ജറ്റു മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വേറെ ഒരു വിഷയവുമില്ല.

ACCOMMODATION OF MEMBERS.

MR. R. V. THOMAS (*Meenachil II—General*): സർ, എനിക്കു് ഒരു കാര്യം ഇവിടെ പ്രസ്താവിക്കാനുണ്ടു്. കോപ്രസെന്റേറ്റീവു് ബാഡിയിലേയും അസംബ്ലിയിലേയും മെമ്പറന്മാർക്കു് തമസസൌകര്യം ഉണ്ടാക്കാം എന്നു് പ്രസിഡൻറവർകൾ ഇതിനു മുൻപു പറയുകയുണ്ടായി. അതിലേക്കു് സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അതു കഴിഞ്ഞിട്ടു മാസങ്ങൾ പലതായി. അതിനെപ്പറ്റി എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : താമസംസൗകര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ നിയമിച്ചിരുന്നു. കമ്മിറ്റിഅംഗങ്ങൾ മി. എ. അച്യുതൻ, മി. നീലകണ്ഠയ്യർ, മിസ്സ്. അക്കാമ്മ ചെറിയാൻ ഇവരായിരുന്നു. ഈ കമ്മിറ്റിയെ നിയമിച്ചിട്ട് പത്തൊഴുകളായി. അവർ അതേസംബന്ധിച്ച് റിപ്പോർട്ടുകൾ ഒന്നും ഇതുവരെ അയച്ചിട്ടില്ല. എന്നാൽ ഇതേ സംബന്ധിച്ച വേണ്ട നടപടികൾ നടത്തിയിരുന്നതായി അറിയാം. ഇന്നു രാവിലെ എനിക്കു കിട്ടിയിട്ടുള്ള അറിവ് മെമ്പറന്മാർക്ക് താമസിക്കുന്നതിനുള്ള സകര്യങ്ങൾ എല്ലാം ചെയ്തിട്ടുണ്ടെന്നാണ്. താമസംസൗകര്യങ്ങൾ ഇനിയെല്ലാം ആവശ്യമാണോ അതു ആവശ്യമുള്ളവർ വിവരം പ്രധാനമന്ത്രിയെ അറിയിച്ചാൽ വേണ്ടതുചെയ്തുകൊള്ളാം എന്നും പ്രധാനമന്ത്രി എന്നെ അറിയിച്ചിട്ടുണ്ട്.

MR. K. A. MUHAMMAD (*Quilon IV—Muslim Reserved*) : താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇന്നതിന്നെല്ലാം ചെയ്തിട്ടുണ്ടെന്ന് മെമ്പറന്മാരെ അറിയിക്കുകയല്ലേ വേണ്ടതു്. അങ്ങിനെ ചെയ്താൽ അവക്ക് ഹിതമുള്ള സൗകര്യങ്ങൾ മെമ്പറന്മാർതന്നെ കണ്ടുപിടിച്ചുകൊള്ളും. ഇൻഡ്യൻ കാൺസ്റ്റിറ്റുവൻറ് അസംബ്ലിയിലും അങ്ങിനെയുള്ള ഏർപ്പാടാണ് ചെയ്തിരിക്കുന്നതു്.

MR. R V. THOMAS : ഇതിനെ സംബന്ധിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി എന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞാൽകൊള്ളാം. പ്രസിഡൻറവർകൾ പറഞ്ഞിട്ടുള്ളതിൽനിന്നും മനസ്സിലാകുന്നതു് പ്രത്യേകമായുള്ള യാതൊരു സൗകര്യവും ചെയ്തിട്ടില്ലെന്നാണ്. അതുകൊണ്ട് എന്തെല്ലാം സൗകര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമായി അറിയിച്ചാൽ കൊള്ളാം. ഈ സഭയിൽ ഹാജരായിരിക്കുന്ന മെമ്പറന്മാർ പല ഭാഗങ്ങളിൽനിന്നും വന്നുകൂടിട്ടുള്ളവരാണ്. ഇതിനുമുമ്പു തന്നെ ബഹുമാനപ്പെട്ട മെമ്പറന്മാർ പല ഹോട്ടലുകളിലും താമസിച്ചു കൂഴിച്ചുകൂട്ടുകയായിരുന്നു. അന്ന് താമസിച്ചിരുന്ന ഹോട്ടലുകളിൽ ഈ തവണ വന്നിട്ടു താമസസൗകര്യം ഇല്ലാതെയിരിക്കുകയാണ്. ഇക്കാര്യത്തെപ്പറ്റി ഇതിനു മുൻപു് പല പ്രാവശ്യവും പ്രസിഡൻറവർകളെ അറിയിച്ചിട്ടുണ്ടു്. എന്നിട്ടും യാതൊരു സൗകര്യങ്ങളും ചെയ്തുകൊടുക്കാത്തതിൽ മെമ്പറന്മാർക്ക് വലുതായ അമർഷവും ഉണ്ടെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II— General*) : ഏറ്റവും അത്യാവശ്യമുള്ള ഇക്കാര്യത്തെപ്പറ്റി ഈ സബ്മിഷനിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊന്നും ചെയ്യാത്തതിന് അവരുടെ സമാധാനം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഞാൻ ഈ കാര്യത്തെപ്പറ്റി ഇന്നതന്നെ ഗവണ്മെൻറിലേക്ക് എഴുതി അയക്കാം. അവർ അങ്ങിനെ ചെയ്യുന്നതാണ്.

MR. K. A. MATHEW (*Thiruvella IV—General*) : ഇതുവരെ ഇതു സംബന്ധിച്ചു സ്റ്റാൻഡിംഗ് കമ്മിറ്റി എന്താണു ചെയ്തതു എന്ന് ആദ്യമായി അറിയേണ്ടതാണ്.

MR. MANNATHU PADMANABHA PILLAI : ഇതുവരെ കാര്യമായി ഒന്നും ചെയ്യുവാൻ അവക്ക് സാധിച്ചിട്ടില്ലെങ്കിൽ അവർ സബ് കമ്മിറ്റിയിൽനിന്നും രാജിവച്ചാൽ കൊള്ളാം എന്നും എനിക്ക് അഭിപ്രായമുണ്ട്.

MR. P. T. CHACKO (*Kottayam II—General*) : മെമ്പറന്മാർക്കുള്ള താമസസൗകര്യങ്ങളെപ്പറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി എന്താണു ചെയ്തിട്ടുള്ളതെന്ന് ആദ്യമേ അറിയേണ്ടതാണ്.

MR. PRESIDENT : സ്റ്റാൻഡിംഗ് കമ്മിറ്റി ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങളെപ്പറ്റി ഒരു വിശദവിവരണം ചെയ്യേണ്ട ആവശ്യം ഇവിടെ ഇല്ല. ബഹുമാനപ്പെട്ട മെമ്പറന്മാരുടെ താമസസൗകര്യങ്ങളെ സംബന്ധിച്ചു ആലോചിച്ചു വേണ്ടതു ചെയ്യുവാൻ സ്റ്റാൻഡിംഗ് കമ്മിറ്റി ഒരു സബ് കമ്മിറ്റിയെ ഏർപ്പെടുത്തി. അവർ ഇതുവരെ ചെയ്തിട്ടുള്ളതിന്റെ ചുരുക്കം ഞാൻ മുമ്പേ പറഞ്ഞതാണ്.

MR. T. A. ABDULLA : സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പറന്മാരുടെ താമസസൗകര്യങ്ങൾക്കു വേണ്ടി വേണ്ടതു ചെയ്തുകൊടുക്കുന്നതാണ് എന്നു പറഞ്ഞാൽ എന്താണ് അതുകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. ഈ കാര്യത്തെപ്പറ്റി ഗവണ്മെൻറിനെ എഴുതി അറിയിക്കാമെന്നു പറയുകയുണ്ടായി. എന്താണ് എഴുതി അറിയിക്കാൻ പോകുന്നതെന്ന് മുമ്പേ അറിയിച്ചാൽ കൊള്ളാം എന്നാണ് എന്റെ അഭിപ്രായം. ചില ഹോട്ടലുകളിൽ മെമ്പറന്മാരുടെ താമസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ് എന്നു പറയുകയുണ്ടായി. ഹോട്ടലുകളിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ മെമ്പറന്മാർ തന്നെ നടത്തിക്കൊള്ളും. അതു ഗവണ്മെൻറ് ചെയ്യുന്നതിനു ആവശ്യമില്ല. മെമ്പറന്മാർക്ക് പ്രത്യേകം താമസസൗകര്യങ്ങളും കോർട്ടേഴ്സും ഏർപ്പെടുത്തണമെന്നു സ്റ്റാൻഡിംഗ് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ട്. ആ വിവരം ഗവണ്മെൻറിനെ അറിയിക്കുന്നതിനു സ്റ്റാൻഡിംഗ് കമ്മിറ്റി പ്രസിഡൻറിനെ അധികാരപ്പെടുത്തിയിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU (*Karunagapalli II—Muslim Reserved*) : മെമ്പറന്മാർക്ക് ഹോട്ടലുകളിൽ താമസസൗകര്യം ഉണ്ടാക്കുന്നതിന് ഗവണ്മെന്റിൽനിന്നും ഇപ്പോൾചെയ്യാൽ എന്തു കൂടുതൽ ഗ്രാണമാണുള്ളത്?

MR. PRESIDENT : സബ് കമ്മിറിയിൽപെട്ട മി. അച്യുതൻ തന്നെ ഇതിനെപ്പറ്റി ഒരു വിശദീകരണം നൽകുന്നതു് ഉപകാരപ്രദമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

HON'BLE MR. A. ATCHUTHAN : സ്റ്റാൻഡിംഗ് കമ്മിറിയിൽനിന്നും താമസസൗകര്യം ഉണ്ടാക്കുന്നതിനായി മൂന്നുപേരടങ്ങിയ ഒരു സബ്കമ്മിറിയെ നിയമിച്ചു. ആ സബ്കമ്മിറി അംഗങ്ങൾ നേരിട്ടു തന്നെ മെമ്പറന്മാർക്കായി വിർല്ലേശിച്ചു കെട്ടിടങ്ങൾ പരിശോധിക്കയും അതിൽ ചെയ്യേണ്ടതായ റിപ്പയേഴ്സിനും മറ്റുമായി പി. ഡബ്ലിയു. ഡി. വകുപ്പുകാരേയും വാട്ടർവർക്സ് വകുപ്പുകാരേയും ഇലക്ട്രിസിറ്റി വകുപ്പുകാരെയും അറിയിക്കുകയുംചെയ്തു. അതിന്റെ ഫലമായിട്ട മെമ്പറന്മാക്ക് താമസിക്കാൻ നിശ്ചയിച്ചിരുന്ന താല്കാലികെട്ടിടങ്ങളിൽ മുന്നു കെട്ടിടങ്ങളും വേഗം അറ്റകുറ്റ പണികളെല്ലാംകഴിച്ചു താമസിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനു വിധത്തിൽ ശരിപ്പെടുത്തി അതിലേക്കുള്ള ഫർണിച്ചറും (കട്ടിൽ, കസേര, മേശ മുതലായ ഉപകരണങ്ങളും) ശരിപ്പെടുത്തിയതാണ്. അതിനുശേഷം രണ്ടു കെട്ടിടങ്ങൾകൂടി പെട്ടെന്നുണ്ടായ അവശ്യംപ്രമാണിച്ച് തിരുവനന്തപുരം വിമൻസ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് താമസത്തിന് കൊടുക്കേണ്ടതായി വന്നു. പത്തൻപതോളം വിദ്യാർത്ഥിനികൾ താമസിക്കാൻ സൗകര്യമില്ലാതെ പ്രൈവറ്റ് മാനേജ്മെന്റു നടത്തുന്നതായ ഹോട്ടലുകളിൽ താമസിച്ചിരുന്നു. അവർക്ക് അവിടെ താമസിക്കാൻ തീരെ നിവൃത്തിയില്ലാതെ വന്നതുകൊണ്ട് അവർ പ്രധാനമന്ത്രിയെ സമീപിക്കയും തൽഫലമായി പ്രസ്തുത കോളേജിൽ താമസിക്കാവുന്നതായ രണ്ടു കെട്ടിടങ്ങൾ പെട്ടെന്ന് അവക്ക് താമസ സൗകര്യത്തിനായി വിട്ടുകൊടുക്കേണ്ടതായിട്ടും വന്നു. മറ്റൊരു കെട്ടിടവും താമസത്തിന് സൗകര്യപ്പെടുത്തിയിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിമാരിൽ ഒരാൾക്ക് താമസസൗകര്യം ഇപ്പോൾ കനിമിത്തം തൽക്കാലത്തേക്ക് വിട്ടുകൊടുക്കേണ്ടതായി വന്നു. ഈ മൂന്നുകെട്ടിടങ്ങളും ഇങ്ങനെ പെട്ടെന്നു കിട്ടാൻ നിവൃത്തിമില്ലാതെയാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ : സർ, ഒരു ചോദ്യം.

HON'BLE MR. A. ATCHUTHAN : സർ, ഞാൻ ഇൗൽഡു ചെയ്യുന്നില്ല.

MR. P. M. VARGHESE (*Thodupuzha II—General*) : സർ, ഒരു ക്വസ്റ്റ്യൻ മെംബർക്ക് ഒരു ചോദ്യം ചോദിക്കുമ്പോൾ ആ ചോദ്യത്തിനു മറുപടി പറയേണ്ട ചുമതല ഇല്ലേ ? അപ്പോൾ ആ മെംബക്ക് അതിനെ ഞാൻ ഇൗൽഡുചെയ്യുന്നില്ലെന്നു പറയാവുന്നതാണോ ?

MR. PRESIDENT : ആ പ്രസംഗം കഴിഞ്ഞതിനു ശേഷം അദ്ദേഹം ചോദ്യത്തിന് ഉത്തരം പറയുന്നതാണ്.

HON'BLE MR. A. ATCHUTHAN : ആ മൂന്നു കെട്ടിടങ്ങളും സൌകര്യമില്ലാതെ വന്നതുകൊണ്ട് ബഹുമാനപ്പെട്ട മെംബറന്മാർക്ക് താമസിക്കാനുള്ള ക്വർട്ടേഴ്സ് പ്രൊവൈഡുചെയ്യാൻ സാധിക്കാതെ വന്നതിൽ സബ് കമ്മിറ്റിക്ക് വളരെ ഖേദമുണ്ടെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. എന്നിരുന്നാലും ഇന്നു രാവിലെ സ്റ്റാൻഡിംഗ് കമ്മിറ്റി കഴിഞ്ഞതിനു ശേഷം ഞാൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സമീപിച്ചു.

MR. R. V. THOMAS : കൌൺസിലിന്റെ നിർദ്ദേശപ്രകാരം ഈ മൂന്നുകെട്ടിടങ്ങളും മറ്റു ചില ആവശ്യത്തിലേക്ക് വിട്ടുകൊടുത്തതു സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സമ്മതത്തോടുകൂടിയാണോ ?

HON'BLE MR. A. ATCHUTHAN : ഈ കെട്ടിടങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു വിട്ടുതന്നിട്ടില്ല. അതുകൊണ്ടു മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്ക് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുവാദമോ സമ്മതമോ ആവശ്യമില്ല.

MR. ABDUL AZIZ : സർ, ഒരു പായിന്റ് ഓഫ് ആർഡർ. ഈ സഭയിലെ ഒരു മെംബർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഇൗൽഡുചെയ്യുകയും, അതേസമയം മറ്റൊരു മെംബർ ചോദിക്കുന്ന ചോദ്യത്തിനു ഇൗൽഡു ചെയ്യാതിരിക്കുകയും, ഈ സഭയിലെ ഒരു മെംബർ ചെയ്യുന്നതു മര്യാദയാണോ എന്നറിഞ്ഞാൽകൊള്ളാം.

MR. PRESIDENT : ആരുടെ ചോദ്യത്തിനു വേണ്ടെങ്കിലും മറുപടി പറയാതിരിക്കാൻ മെംബക്കധികാരമുണ്ട്. അദ്ദേഹം പറഞ്ഞുകൊണ്ടിരുന്ന വാചകം അവസാനിപ്പിച്ചശേഷം അടുത്തചോദ്യത്തിന് അദ്ദേഹം ഇൗൽഡു ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ: ഇപ്പോൾ ഞാൻ മറ്റു ചോദ്യം ചോദിക്കട്ടെ. മെംബറന്മാരുടെ താമസ സൗകര്യത്തിനായി ഇവിടെ പലതും ചെയ്തു വരുന്നു എന്നു പറയുകയുണ്ടായി. എന്നാൽ ഉണ്ടായിരുന്ന സൗകര്യങ്ങൾ എല്ലാം മറ്റുവിധത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നും കേട്ടു. അങ്ങനെയാണെങ്കിൽ എന്തെല്ലാം സൗകര്യങ്ങൾ നിവർത്തിച്ചു ശേഷമാണു പ്രതിനിധിസഭയിലെ അംഗങ്ങൾക്കു സൗകര്യം ഉണ്ടാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. ATCHUTHAN: അതു് ഇനിയും ആലോചിച്ചു തിരുമാനിച്ചിട്ടേ പറയാൻ നിവൃത്തിയുള്ളൂ. ഇന്നു ഞാൻ, താമസസൗകര്യങ്ങൾ ഉണ്ടാക്കുന്നതു റ്റിറവും അത്യാവശ്യമാകയാൽ ഫ്ര മന്ത്രിക്കു് പ്രധാനമന്ത്രിയെക്കണ്ടു വിവരം ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞതു് താമസസൗകര്യം ആർക്കൊക്കെ വേണമോ അവർ അപേക്ഷിക്കണമെന്നും അപേക്ഷിക്കുന്നവർക്കൊക്കെ വേണ്ട സൗകര്യം ഉണ്ടാക്കി കൊടുക്കാമെന്നും ആണു് ആ വിവരം ഈ സഭയേ അറിയിക്കുന്നതിനും അദ്ദേഹം എന്നെ മുമ്പേവിട്ടത്തി. താമസസൗകര്യം അത്യാവശ്യമുള്ളവർ എല്ലാം അദ്ദേഹത്തോടു് അപേക്ഷിക്കണമെന്നും ഞാൻ അറിയിച്ചു കൊള്ളുന്നു.

MR. M. O CHERIYAN (*Devicolam—General*): വിവരം അറിഞ്ഞിട്ടുമാത്രം മതിയോ? സ്ഥലം കൈ ശരിയാക്കി വച്ചിരിക്കയാണോ?

MR. P. T. CHACKO: ഏതു സ്ഥലമാണു് സൗകര്യപ്പെടുത്തിയിരിക്കുന്നതെന്നാണു് പ്രധാനമന്ത്രി പറഞ്ഞതു്? സ്ഥലം ഏതാണെന്നറിയാതെ എങ്ങനെയാണു് അപേക്ഷിക്കുന്നതു്? ഇന്നു രാവിലെ ബന്ധപ്പെട്ട് ടൂറിസ്റ്റ് ഹോട്ടലുകളുമൊക്കെയാണു് ഏർപ്പാടു ചെയ്തിരിക്കുന്നതു് എന്നു പറഞ്ഞുകേട്ടു.

HON'BLE MR. A. ATCHUTHAN: ആ വിവരം പ്രധാനമന്ത്രി എന്നോടു പറഞ്ഞില്ല.

MR. K. A. MUHAMMED: ഗവണ്മെന്റു ചെയ്യുന്നതു്, ഇന്നയിന്ന സ്ഥലങ്ങളിൽ എല്ലാം സൗകര്യപ്പെടുത്തിയിട്ടുണ്ടെന്നും അത്യാവശ്യമുള്ളവർ ഉപയോഗിച്ചുകൊള്ളണമെന്നും മെമ്പറന്മാരെ ധരിപ്പിക്കേണ്ടതാണു്. ആ നടപടിയാണു് ശരിയെന്നു് എനിക്കു തോന്നുന്നു. അതാണു് ഇൻഡ്യൻ കോൺസ്റ്റിട്ടുവന്റ് അസംബ്ലിയിലും ഉള്ള നടപടി.

LIBRARY ARCHIVES Kerala Legislative Assembly

MR. R. V. THOMAS : മെമ്പറന്മാർക്ക് താമസിക്കുവാൻ മതിയായ സൗകര്യമുണ്ടാക്കിയിട്ടുണ്ടെന്നും താമസസൗകര്യം വേണ്ടവർ പ്രധാനമന്ത്രിക്ക് എഴുതി അപേക്ഷിക്കണമെന്നും മറ്റും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ മി. അച്യുതന്റെ അഭിപ്രായം കേട്ടതിൽ ഇക്കൂട്ടരെ ഇതു സംബന്ധിച്ചു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ലെന്നു തോന്നുന്നു. അങ്ങനെ ഇപ്പോൾ എവിടെ താമസിക്കുന്നു? എത്രദിവസത്തിനകം അങ്ങനെയുള്ളവർക്കു താമസസൗകര്യം ലഭിക്കും? ഏതാനും ദിവസത്തിനകം എവിടെയെങ്കിലും താമസിക്കുന്നവർക്കു സൗകര്യം ലഭിക്കുമോ? എന്നിങ്ങനെയുള്ള വിവരങ്ങൾ അവർക്ക് അറിയേണ്ടതുണ്ട്.

MR. M. O. CHERIYAN : മുൻപ് ഏർപ്പാടു ചെയ്തിരുന്ന കെട്ടിടങ്ങളിൽ ഫർണിച്ചറും മറ്റും ഉണ്ടാക്കി എന്നു ഇവിടെ പറയുകയുണ്ടായി. കെട്ടിടങ്ങൾ പോയപ്പോൾ ഫർണിച്ചറും കൂടി പോയോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : മെമ്പറന്മാർ ഇങ്ങനെ വ്യക്തികളെക്കുറിച്ചു ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം പറയാൻ വിഷമിക്കും.

MR. P. K. KUNJU : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ കാര്യത്തെപ്പറ്റി ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഇന്നയാളുടെപ്പേരു പറഞ്ഞിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. T. K. NARAYANA PILLAI (*Parur II—General*) : ഉത്തരവാദിത്വം ആരെങ്കിലും ഇവിടെയുണ്ടോ എന്നു പറഞ്ഞതിന് ഇപ്പോൾ ഇവിടെ പറഞ്ഞ ബഹുമാനപ്പെട്ട മെമ്പറെ റിഫ്ലക്ടു ചെയ്യുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് മെമ്പർ ആ വാക്ക് പിൻവലിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

MR. PRESIDENT : ഓർഡർ, ഓർഡർ. സ്റ്റാന്റിംഗ് കമ്മിറ്റി ഫോർ ഹൗസിംഗ് കമ്മിറ്റി എന്ന ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ പരിപൂർണ്ണാധികാരിയും വഹിച്ചുകൊണ്ട് ആണോ മി. കുഞ്ഞുതൻ ഇങ്ങനെ പറയുന്നത് എന്നാണ് മി. കുഞ്ഞു പോയിട്ടുള്ളതിന്റെ സാരം. ഇതിൽ വല്ല തെറ്റുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ആ കമ്മിറ്റിയുടെ പ്രതിനിധി എന്ന നിലയ്ക്കുതന്നെ ആണ് മി. കുഞ്ഞുതൻ ഇങ്ങനെ പറഞ്ഞതെന്നും ഞാൻ വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU : അങ്ങനെയാണെങ്കിൽ അദ്ദേഹം ബഹുമാനപ്പെട്ട മെമ്പറന്മാരുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാൻ തയാറാകേണ്ടതല്ലേ?

MR. PRESIDENT : അങ്ങനെതന്നെയാണ് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു മെമ്പർ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മറ്റു മെമ്പറന്മാരും അതേ മെമ്പറോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാൽ ഒരു ചോദ്യത്തിനും ഉത്തരം നൽകാൻ സാദ്ധ്യമാകാതെവരും. അതുകൊണ്ട് ചോദ്യം ചോദിക്കുന്നതിൽ മെമ്പറന്മാർ കുറച്ചുകൂടി നിയന്ത്രണം പരിപാലിച്ചാൽ കൊള്ളാമെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. K. K. CHELLAPPAN PILLAI (*Mavelikara II-General*) : ഈ സബ് കമ്മിറ്റിക്ക് കൺവീനറുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇല്ല.

MR. P. K. KUNJU : ഒരു പ്രസിഡൻറ് ഉണ്ടോ?

HON'BLE MR. A. ATCHUTHAN : ഇല്ല.

MR. P. K. KUNJU : കൺവീനറുമില്ല പ്രസിഡൻറുമില്ല. ആ സ്ഥിതിക്ക് ഉത്തരവാദിത്വം പൊതുവേയാണോ ഇരിക്കുന്നത്?

HON'BLE MR. A. ATCHUTHAN : ഉത്തരവാദിത്വം പൊതുവേയാണെന്നാണെന്റെ വിശ്വാസം; എങ്കിലും ആ സംഗതിയിൽ കൂടുതൽ ചുമതല വഹിച്ചു പ്രവർത്തിച്ചിട്ടുള്ള ഒരാളെന്ന നിലയ്ക്കാണ് ഞാൻ ഇവിടെ ഇതുമാത്രം പറഞ്ഞത്. ഇനി ബഹുമാനപ്പെട്ട മെമ്പർ മി. ആർ. വി. തോമസ്സിന്റെ ചോദ്യത്തിന് ഉത്തരം പറയാമെന്ന് ഞാൻ വിചാരിക്കുന്നു. താമസസൗകര്യം ആവശ്യമുള്ളവർ ആ വിവരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ അറിയിച്ചാൽ താമസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാമെന്ന് അദ്ദേഹം പറഞ്ഞതായി ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. അതിനൊക്കെ താമസസൗകര്യം ആവശ്യമുണ്ടോ അവരെല്ലാം പ്രധാനമന്ത്രിയെ അറിയിച്ചാൽ മാത്രം മതിയാകുന്നതാണ്.

MR. CHERIYAN J. KAPPAN (*Meenachil III—General*) : സജ്ജീകരണങ്ങൾ അതായത് മേശ, കസേര, കട്ടിൽ മുതലായതൊക്കെ ഉണ്ടാക്കുകയുണ്ടായി എന്നു പറഞ്ഞല്ലോ? അതെല്ലാം ആരുടെ ചെലവിൽ ചെയ്തു എന്നും അവയെ ഇപ്പോൾ എന്തു ചെയ്തിരിക്കുന്നുവെന്നും പറയുമോ?

HON'BLE MR. A. ATCHUTHAN : പി. ഡബ്ള്യു. ഡി. വക്ക് ഷാപ്പിലാണ് അവ ഉണ്ടാക്കിയതു. അവ ആ കെട്ടിടങ്ങളിൽതന്നെ കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MUHAMMED : താമസസൗകര്യങ്ങൾ ആവശ്യമുള്ളവർ പ്രധാനമന്ത്രിയോട് അപേക്ഷിക്കണമെന്ന് പറഞ്ഞു. എന്നാൽ ഈ സഭയിലെ മെമ്പറന്മാർക്കു താമസസൗകര്യം ഉണ്ടാക്കിത്തരുന്ന കാര്യത്തിൽ വേണ്ടതു ചെയ്യാൻ പ്രസിഡൻറിന് അധികാരമില്ലേ?

MR. PRESIDENT : നിയമമനുസരിച്ച് സ്റ്റാൻറിംഗ് കമ്മിറ്റിക്കാണ് അതിൻറെ ഉത്തരവാദിത്വം. അതുകൊണ്ട് സ്റ്റാൻറിംഗ് കമ്മിറ്റിയാണ് ഇതിനെപ്പറ്റി ഉത്തരം പറയേണ്ടതു്.

MR. T. K. NARAYANA PILLAI : നാലു കെട്ടിടങ്ങളും വേണ്ട സജ്ജീകരണത്തോടുകൂടി തയാറാക്കി എന്നിവിടെ പറഞ്ഞുകേട്ടു. അതിൽ മൂന്നു കെട്ടിടങ്ങളും എന്തോ ചില കാരണങ്ങളാൽ നഷ്ടപ്പെട്ടുപോയി എന്നും പറഞ്ഞു. ബാക്കിയുള്ള ഒരു കെട്ടിടത്തിൻറെ താൽക്കാലികാവസ്ഥ എന്താണെന്നും ആ കെട്ടിടം ഇപ്പോൾ മെമ്പറന്മാർക്ക് ഉപയോഗിക്കത്തക്കനിലയിൽത്തന്നെയാണോ ഇരിക്കുന്നതെന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ കൊള്ളാം.

HON'BLE MR. A. ATCHUTHAN : സജ്ജീകരണങ്ങളോടുകൂടി നാലു കെട്ടിടങ്ങളും സൗകര്യപ്പെടുത്തി എന്നു ഞാൻ പറഞ്ഞില്ല. മൂന്നു കെട്ടിടങ്ങളേ സജ്ജീകരിച്ചിട്ടുള്ളുവെന്ന് ഞാൻ പറഞ്ഞതായിട്ടാണ് എൻറെ ഓർമ്മ. നാലാമത്തെ കെട്ടിടത്തിൽ മുമ്പു താമസിച്ചിരുന്ന ആൾ— അദ്ദേഹം ഒരു ഗവണ്മെൻറുദ്യോഗസ്ഥനാണ്—കെട്ടിടം ഒഴിഞ്ഞു തരണമെന്ന് ആവശ്യപ്പെട്ട നോട്ടീസു കൊടുത്തിട്ടുണ്ട്.

MR. T. K. NARAYANA PILLAI : അപ്പോൾ നാലുകെട്ടിടങ്ങളും തയ്യാറാക്കി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു സൂക്ഷ്മമായ അറിവില്ലാതെയാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു് ?

HON'BLE MR. A. ATCHUTHAN : നാലുകെട്ടിടങ്ങളും താമസസൗകര്യത്തിന് തയ്യാറാക്കി എന്ന് ഞാൻ പറഞ്ഞില്ലെന്നാണ് എനിക്കു തോന്നുന്നതു്.

MR. ABDUL AZIZ : പി. ഡബ്ലിയു ഡിയുടെ ചാർജ് വഹിക്കുന്ന ഒരു മന്ത്രിക്കുടിക്കാഴ്ചപ്പെട്ട ഒരു സബ് കമ്മിറ്റി താമസസൗകര്യത്തിനുവേണ്ടി നടപടികളും നടത്താൻ നിയുക്തമായിട്ട് പത്താഴ്ചയിൽ കൂടുതലായിരിക്കുന്നു. ഇതുവരെ യാതൊന്നും പ്രവർത്തിക്കാതിരുന്നതിനു ബഹുമാനപ്പെട്ട മെമ്പർക്ക് എന്തു സമാധാനമാണു പറയാനുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : ഇതുസംബന്ധിച്ച സബ് കമ്മിറ്റിയൊ സ്റ്റാൻറിംഗ് കമ്മിറ്റിയൊ യാതൊരു കൃത്യവിലോപവും കാണിച്ചിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. കെട്ടിടങ്ങൾ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയോ സബ് കമ്മിറ്റിയുടേയോ വകയായിട്ടില്ല. സബ് കമ്മിറ്റി വിചാരിച്ചാൽ കെട്ടിടം ഉണ്ടാകുകയുമില്ല. ഗവണ്മെൻറുവക കെട്ടിടങ്ങൾ സൗകര്യപ്പെട്ടത്തി ഗവണ്മെൻറനുമതിയോടുകൂടി മെമ്പറന്മാക്ക് താമസസൗകര്യത്തിന് ഏർപ്പാട് ചെയ്യാനേ സബ് കമ്മിറ്റിക്കധികാരമുള്ളൂ. അതനുസരിച്ച് വേണ്ടതെല്ലാം സബ് കമ്മിറ്റി ചെയ്യു. ഇപ്പോൾ ആ കെട്ടിടങ്ങൾ വേറെ ആവശ്യത്തിന് എടുത്തതും ഗവണ്മെൻറാണെന്നുള്ള വിവരവും ഈ സഭയെ അറിയിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.

MR. T. K. NARAYANA PILLAI : ഗവൺമെൻറിൻെറ അനാസ്ഥയാണ് ഇതിനു കാരണമെന്ന് ഞാൻ മനസ്സിലാക്കട്ടെയോ ?

HON'BLE MR. A. ATCHUTHAN : അതും ശരിയല്ല.

MR. P. K. KUNJU : ഏതെങ്കിലും കെട്ടിടം മെമ്പറന്മാരുടെ ആവശ്യത്തിലേക്ക് വിട്ടുകൊടുക്കണമെന്നു സബ് കമ്മിറ്റി ഗവണ്മെൻറിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. M. VARGHESE : സ്റ്റാൻറിംഗ് കമ്മിറ്റിയിലെ ഒരു മെമ്പറെന്ന നിലയിലും ഗവണ്മെൻറിൽ ചുമതലവഹിക്കുന്ന ഒരംഗമെന്ന നിലയിലും ഞാനുണ്ടു സംഗതികൾ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിനായി പറയണമെന്ന് ഞാൻ വിചാരിക്കുന്നു. സ്റ്റാൻറിംഗ് കമ്മിറ്റി ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നതു് അതു ശരിയല്ല. വാസ്തവത്തിൽ കഴിച്ചുവയ്ക്കാൻ പാടില്ലാത്ത കരണങ്ങളാലാണ് സബ് കമ്മിറ്റി നിർദ്ദേശിച്ച കെട്ടിടങ്ങൾ ഗവണ്മെൻറെടുത്തിട്ടുള്ളതു്. കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ ഗവണ്മെൻറുമായുള്ള ഏർപ്പാടുകളനുസരിച്ച് ചിലർ താമസിച്ചു വരുന്ന കെട്ടിടങ്ങളായിരുന്നു. അല്ലാതെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളല്ല. അവരോടു നല്ലവാക്കു പറഞ്ഞും അവസാനം അവരെ കുറച്ചു ഭീഷണിപ്പെടുത്തിയുമാണ് കെട്ടിടങ്ങൾ എടുക്കേണ്ടിയിരുന്നതു. പെട്ടെന്നു ആവശ്യമുള്ള കെട്ടിടങ്ങൾ കൈവശപ്പെടുത്താൻ സാധിക്കാറുള്ളതല്ല. ഗവണ്മെൻറിനു സാധാരണ ഗതിയിൽ ഉപയോഗിക്കാവുന്ന പ്രേരണ മുഴുവൻ ചെലുത്തിയിട്ടും ഒരു കെട്ടിടത്തിൽ മുമ്പു താമസിച്ചിരുന്ന ആളുതന്നെ താമസിക്കുകയാണ്. അതു് ഗവണ്മെൻറിൻ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിഹീനതകൊണ്ടല്ല. കുറച്ചു സമയംകൂടി അദ്ദേഹത്തിനു കൊടുക്കുന്നതു് ഒരു സാധാരണ മര്യാദയായിരിക്കുമെന്നു തോന്നിയതുകൊണ്ടുമാത്രമാണു്. കുടുംബമായി താമസിക്കുന്നവർക്കു് പെട്ടെന്നു മാറുവാൻ സാധ്യമല്ല. മെമ്പറന്മാരുടെ അത്യാവശ്യംകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിമാരിൽ ഒരാൾ അദ്ദേഹം താമസിക്കുന്ന ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊടുക്കാമെന്നു് എന്നെ അറിയിച്ചിട്ടുണ്ടു്. അതിൽ ഫാൻ പോർക്കു് താമസിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടു്. അവിടെ കസേര, കട്ടിൽ തുടങ്ങി വേണ്ട സജ്ജീകരണങ്ങളും ഉണ്ടു്. ഇതെല്ലാം ചെയ്യുന്നതിനു് വന്നുപോയ താമസത്തിനു് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പറന്മാർ ക്ഷമിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. താമസസൗകര്യം ആവശ്യമുള്ളവർ ഫാൻ-ൽ കൂടുതലുള്ളതുകൊണ്ടു് അതിൽ ഏറ്റവും അത്യാവശ്യക്കാരായിട്ടുള്ളവർ ഇന്നു വൈകുന്നേരം തന്നെ പ്രധാനമന്ത്രിയേയോ ബഹുമാനപ്പെട്ട മി. അച്യുതനേയോ അറിയിച്ചാൽ വേണ്ട സൗകര്യം ഉണ്ടാക്കിത്തരുന്നതാണു്. അവിടെ എല്ലാ സൗകര്യങ്ങളും ഉണ്ടു്. ഫാൻ പോർക്കു് വേണ്ടുന്ന മറ്റുകാര്യം കസേര, കട്ടിൽ മുതലായവയും ഫ്ളഷ് ഔട്ടും എല്ലാമുണ്ടു്. ഊണിനുവേണ്ടുന്ന സൗകര്യം മാത്രമില്ല. ബാക്കി എല്ലാ സൗകര്യങ്ങളുമുണ്ടു്.

MR. PONNARA G. SREEDHAR (*Nedumangad II—General*) : അവിടെനിന്നും ഊണുകഴിക്കാൻ പോകണമെങ്കിൽ എത്ര ദൂരം നടക്കണം ?

HON'BLE MR. T. M. VARGHESE : വളരെ അടുത്തുതന്നെ ഊണുകിട്ടും. പ്രസിഡന്റവർകൾ അനുവദിക്കുന്നപക്ഷം ഈ സമയത്തെ ചെലവിലേക്കായി ഊണു് അവിടെ വരുത്തിത്തരുന്നതിനുവേണ്ട ഏർപ്പാടുചെയ്യാം. ഇവിടെ വന്നു ചേരുന്നതിനു കുറേദൂരമാണെന്നു കണ്ടാൽ അതിനും വേണ്ട ഏർപ്പാടുചെയ്യാവുന്നതാണു്. കാറോ ബസ്സോ ഏർപ്പാടുചെയ്തു് അതും സൗകര്യപ്പെടുത്താം. ഇവിടെ നടന്ന പ്രസ്താവനകളിൽ നിന്നു് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് വളരെ അതൃപ്തിയും തെറ്റിദ്ധാരണയുമുണ്ടെന്നു് അറിയാനിടയായതുകൊണ്ടാണു് ഞാനിതു പറയുന്നതു്. ഒന്നോ രണ്ടോ ദിവസത്തിനകം എല്ലാ സൗകര്യങ്ങളും ചെയ്യാമെന്നു് വിചാരിക്കുന്നു. അവിടെ താമസിക്കുന്ന മന്ത്രി ഇന്നതന്നെ അവിടെനിന്നും ഒഴിയുന്നതാണു് ഈ സഭ പിരിഞ്ഞുകഴിഞ്ഞാൽ ഉടൻതന്നെ അവിടെ മന്ത്രി ഉണ്ടെന്നോ ഇല്ലെന്നോ ഉള്ള കാര്യം ആലോചിക്കാതെ നിങ്ങൾക്കു് അവകാശത്തോടുകൂടിത്തന്നെ അവിടെ പ്രവേശിക്കാവുന്നതാണു്. അതുകൊണ്ടു് താമസിക്കാൻ അത്യാ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. M. Varghese]

വശ്യമുണ്ടെന്നുള്ള വിവരം അറിയിച്ചാൽ മതി. പ്രധാനമന്ത്രിയെ അറിയിക്കുകയോ, അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ പ്രതിപുരുഷനായ ബഹുമാനപ്പെട്ട മി. അച്യുതനെ അറിയിക്കുകയോ ചെയ്താൽ മതി.

MR. P. S. MUHAMMED (*Mavelikara I—Muslim Reserved*) : ൫ പേരുടെ അവിടെ സൗകര്യമുള്ളൂ എന്നു പറഞ്ഞു. ൫൦ പേർ അപേക്ഷിച്ചാൽ അവരിൽ നിന്നും ൫ പേരെ സെലക്ട് ചെയ്യണമെന്നുള്ള വിഷമം വരുകില്ലെ ?

HON'BLE MR. T. M. VARGHESE : ൫ പേർ കഴിഞ്ഞാൽ ൫൦-ാമതായുള്ളവരെ മുതൽ നിറുത്തിക്കളയാം. അതുപോര, സ്ഥലമില്ലെങ്കിലും തന്നെക്കൂടെ താമസിപ്പിച്ചേതീരൂ എന്നു ശഠിക്കുന്നവരായി അതുംതന്നെ ബഹുമാനപ്പെട്ട മെമ്പറന്മാരിൽ കാണുകയില്ലെന്നു് എനിക്കറിയാം.

MR. P. S. MUHAMMED : ഈ പ്രസംഗങ്ങളിൽനിന്നെല്ലാം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നതു മെമ്പറന്മാരുടെ താമസസൗകര്യം എന്ന വിഷയത്തിൽ യാതൊരു അഭിപ്രായഭിന്നതയുമില്ലായ്മയാണ് സബ്കമ്മിറ്റി ഇതുവരെ പ്രവർത്തിച്ചുകൊണ്ടിരുന്നതു് എന്നാണ്. മെംബറന്മാർക്ക് ഒത്തുചേർന്നു് മാന്യമായ നിലയിൽ താമസിക്കുന്നതിനും പരസ്പരം ആലോചിക്കുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനും ഉള്ള സൗകര്യങ്ങളാണ് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മെംബർ മി. ടി. എ. മജീദ് ഇവിടെ പ്രസ്താവിച്ചതുപോലെ താമസസൗകര്യം എന്നതുകൊണ്ടുദ്ദേശിക്കുന്നതു്. പ്രധാനമന്ത്രി നിർദ്ദേശിച്ചതായി പറയുന്നതുപോലെ മെമ്പറന്മാർക്ക് ഹോട്ടലുകളിൽ സൗകര്യം ഉണ്ടാക്കി കൊടുക്കുന്നതിനു് ആണോ സ്റ്റാൻറിംഗ് കമ്മിറ്റി ഒരു സബ്കമ്മിറ്റിയെ നിയമിച്ചതു് എന്നറിഞ്ഞാൽ കൊള്ളാം എനിക്ക് തോന്നുന്നതു് മുകളിൽ ഇങ്ങനെ ഒരു സബ്കമ്മിറ്റിയുടെ ആവശ്യം തന്നെയില്ലായിരുന്നുവെന്നാണ്. ജനപ്രതിനിധികളുടെ ആവശ്യങ്ങളും ഹിതവും അറിഞ്ഞു പ്രവർത്തിക്കുവാനാണ് ഇവിടെ മന്ത്രിമാർ ഇരിക്കുന്നതു്. അതിനു വേണ്ടിയാണ് വളരെ സുഖസൗകര്യങ്ങളോടുകൂടിയ വാസസ്ഥലങ്ങൾ അവർ തിരഞ്ഞെടുത്തിട്ടുള്ളതു്. അങ്ങനെയുള്ള മന്ത്രിമാർ അതുപോലെ സുഖസൗകര്യങ്ങളില്ലെങ്കിലും എന്താണെങ്കിലും ഒരു സൗകര്യമെങ്കിലും ഇവിടെ വരുന്ന മെമ്പർമാർക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ നിർബന്ധിതരാണ്. ഈ നില ഇന്നത്തെ മന്ത്രിമാർ ശരിയായി മനസ്സിലാക്കിയാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ മെമ്പറന്മാരുടെ താമസത്തിനു സബ്കമ്മിറ്റി തയ്യാറാക്കിയ കെട്ടിടങ്ങളും മറ്റുവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ അനുവദിക്കുമായിരുന്നില്ല. (ഫീയർ, ഫീയർ) ഇപ്പോഴായാലും താമസിച്ചുപോയി. ഇനി

LIBRARY ARCHIVES Kerala Legislative Assembly

അതുമയവായി ക്ഷമിക്കണം'' എന്നു ബഹുമാനപ്പെട്ട ടി. എം. വർഗ്ഗീസ് വളരെ ശാന്തനായി സമാധാനം പറഞ്ഞു. ഇതിലും കൂടുതൽ ശാന്തതയോടുകൂടി സമാധാനം പറയാൻ അദ്ദേഹത്തിനു കഴിയുമെന്നെനിക്കറിയാം. ഏതായാലും കെട്ടിടങ്ങൾ ഉണ്ടാക്കിത്തന്നില്ലെങ്കിലും വേണ്ടില്ല, ഞങ്ങളെ അവമാനിക്കാതിരുന്നാൽ മതിയായിരുന്നു. ഇന്നയിന്ന കെട്ടിടങ്ങൾ തീയ്യതിമാത്രം വച്ചുകൊണ്ട് താമസത്തിനു തയാറാക്കിയിട്ടുണ്ടെന്നു പറയുക, ആ വിവരം പത്രങ്ങളിലും മറ്റും പ്രസിദ്ധപ്പെടുത്തുക, അതു കഴിഞ്ഞ് അവർക്ക് വച്ചിരുന്ന കെട്ടിടങ്ങൾ വേറെ കൊടുത്തു എന്നു പറയുക, ഈ മട്ടിൽ ഇനിയെങ്കിലും ഞങ്ങളെ അവമാനിക്കാതിരുന്നാൽ മതി. (ഹിയർ ഹിയർ) ഞങ്ങൾക്കു കിട്ടുന്ന സൗകര്യംകൊണ്ട് ഞങ്ങൾ കഴിഞ്ഞുകൊള്ളാം.

MR. T. A. ABDULLA : അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പറഞ്ഞപ്രകാരംതന്നെ ഒരു കാര്യം ഈ സഭയിൽ വ്യക്തമാക്കണമെന്നു എനിക്കഭിപ്രായമുണ്ട്. അതായതു താമസസൗകര്യം വേണമെന്നു പറയുമ്പോൾ നാം എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നതെന്നുള്ളതിനെക്കുറിച്ച് വ്യക്തമാക്കുന്നതു നന്നായിരിക്കും. ഇവിടെ നടന്ന ചില ഉപസംഭാഷണം കേട്ടാൽ തോന്നും ഈ താമസസൗകര്യങ്ങൾ എന്നുദ്ദേശിച്ചിരിക്കുന്നതു് ഇവിടെ വന്നുചേരുന്ന stranded ആയിട്ടുള്ള പോകുന്ന അതുകൊണ്ട് താമസസൗകര്യം ചെയ്യുക എന്നാണെന്ന്. അതാണോ താമസസൗകര്യം എന്നുള്ളതിന് ഈ സഭയുടെ വിവക്ഷ? ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും തെരിച്ച് താമസിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾ വേണ്ടതാണോ എന്നു തീർച്ചയാക്കേണ്ടതുണ്ട്. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഈ താമസസൗകര്യം എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നതു് കേവലം സൗകര്യമായി ആഹാരം കൊടുക്കുന്നതിനും, സൗകര്യമായി താമസിക്കുന്നതിനുമുള്ള സൗകര്യം മാത്രമല്ലെന്നാണ്. ഈ സഭയിലെ അംഗങ്ങളുടെ അന്തസ്സിനു യോജിച്ച നിലയിൽ താമസിക്കുന്നതിനും അതേ അവസരത്തിൽ അംഗങ്ങൾക്കെല്ലാം, (പുറത്തിൽ നിന്നു വരുന്നവർക്കെങ്കിലും) ഒരേ സ്ഥലത്തു താമസിച്ച് ഒരു സാമൂഹ്യജീവിതം നയിക്കുന്നതിനും സൗകര്യപ്പെടുത്തുന്നതിനും കൊള്ളാവുന്നതാണെന്നു തോന്നിച്ചിരുന്നു. ആലോചിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടാക്കുന്നതിനുമാണ് സൗകര്യം എന്നു പറയുന്നതുകൊണ്ടു ഞാൻ മനസ്സിലാക്കുന്നു. അതല്ലാതെ താമസിക്കാൻ സ്ഥലം കിട്ടാത്ത വഴിമുട്ടിവരുന്നവർക്കു താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ള ഇക്കാര്യത്തിൽ ഒരു തീർച്ച ചെയ്യുശേഷം ഇതു സംബന്ധിച്ചു നടപടികൾ മുന്നോട്ടുപോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. Abdulla.]

യാൽ മതിയെന്നാണ് എന്റെ അഭിപ്രായം. മെംബറന്മാർക്ക് താമസിക്കത്തക്ക സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇപ്പോഴില്ലെങ്കിൽ അതിലേക്ക് ഗവണ്മെന്റ് ഹോസ്റ്റൽ പോലെയോ മറ്റോ ഒരു കെട്ടിടം പുതുതായി ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ഇവിടെ പ്രജായത്തഭരണം നിലവിലിരിക്കുന്നു. അതു് മേലും നിലനിൽക്കുകയും ചെയ്യും. ഈ രാജ്യത്തു പ്രജായത്തഭരണം നിലനിൽക്കുന്നിടത്തോളം കാലം ഇത്തരം ഒരു സഭയും നിലവിലുണ്ടായിരിക്കും. അതുകൊണ്ടു് സഭയിലെ അംഗങ്ങളുടെ താമസത്തിന് തൽക്കാലം സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ലെങ്കിൽ കുറെ പണം ചെലവുചെയ്യേണ്ടി വന്നാലും അങ്ങനെ ഒരു കെട്ടിടം ഉണ്ടാക്കേണ്ടതാണ്. മദ്രാസിലാണെങ്കിൽ മുമ്പ് ഗവർണ്ണരുടെ വാസസ്ഥലമായിരുന്ന ഗവണ്മെന്റ് ഹൗസ് എന്നു വിളിച്ച ഒരു വലിയ കെട്ടിടമാണ് മെമ്പറന്മാരുടെ താമസത്തിനു വിട്ടുകൊടുത്തിരിക്കുന്നതു്. അതുപോലെ വേണ്ട സൗകര്യങ്ങളോടുകൂടി ഒരു കെട്ടിടം ഇവിടെയും ഉണ്ടാക്കണമെന്നുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിമെമ്പറന്മാരുടെ അഭിപ്രായത്തെ ഞാൻ ഇവിടെ പ്രതിഫലിപ്പിച്ചുകൊള്ളുന്നു.

MR. K. R. ELANKATH : ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ടി. എം. വർഗീസ് പറയുകയുണ്ടായി ചില പേരുടെ താമസസൗകര്യത്തിനു വേണ്ടി ഒരു മന്ത്രിയെ അദ്ദേഹം താമസിക്കുന്ന കെട്ടിടത്തിൽ നിന്നു പ്രേരിപ്പിച്ചിറക്കി എന്നു്. ഇതു് ഒരു തരത്തിൽ നിർബന്ധിക്കുന്നതിനു തുല്യമാണു്.

HON'BLE MR. T. M. VARGHESE : ഈ ഹൗസിന്റെ സ്വാതന്ത്ര്യത്തിൽ ഒരാൾ പറയാത്തതിനെ പറഞ്ഞുവെന്നു ധൈര്യസമേതം പറയുന്നതും കൂടി ഉൾപ്പെട്ടതാണോ എന്നു എനിക്കു് നിശ്ചയമില്ല. നിർബന്ധമായ പ്രേരണ ചെലുത്തി ഒരു മന്ത്രിയെ അദ്ദേഹം താമസിക്കുന്ന വീട്ടിൽനിന്നു ഇറക്കിയെന്നു മിസ്റ്റർ ടി. എം. വർഗ്ഗീസ് പറഞ്ഞുവെന്നു് ഈ സഭയിലെ വിവരമുള്ള ഒരു മെമ്പർ ധൈര്യപൂർവം പറഞ്ഞതു്, അറിയായ്കയുടെ വസ്തുത അല്ലെന്നു പറയേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യം വേണ്ടപോലെ മനസ്സിലാക്കാതെയുള്ള ഇത്തരം പ്രസ്താവനകൾ ഉത്തരവാദിത്വബോധമുള്ള ഒരു മെമ്പറിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്തതാണു്. അതുകൊണ്ടു് ആ പ്രസ്താവന അദ്ദേഹം പിൻവലിക്കണം. യാതൊരുതരത്തിലുള്ള നിർബന്ധംകൊണ്ടുമല്ല ഒരു മന്ത്രി അദ്ദേഹത്തിന്റെ വീടൊഴിഞ്ഞുതരാമെന്നു പറഞ്ഞതു്. സ്വമനസ്സാലെയാണു് അദ്ദേഹം ആ കെട്ടിടം ഒഴിഞ്ഞുതന്നിരിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ബുദ്ധിമുട്ടുകളും നല്ലവണ്ണം മനസ്സിലാക്കിയ ബഹുമാനപ്പെട്ട മന്ത്രി സ്വമേധയാ അദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ഥത്തിന്റെ കെട്ടിടത്തിൽ നിന്നും ഇറങ്ങി ബഹുമാനപ്പെട്ട മെമ്പറന്മാരോട് താമസത്തിനായി ഒഴിഞ്ഞു തന്നിരിക്കുന്നു എന്ന വിവരവും ഈ സഭയെ അറിയിക്കുവാൻ അദ്ദേഹം എന്നെ അധികാരപ്പെടുത്തിയിട്ടുണ്ട്.

MR. K. R. ELANKATH : ഞാൻ പറഞ്ഞതു ശരിയല്ലെങ്കിൽ ആ പ്രസ്താവന ഞാൻ പിൻവലിക്കുന്നു. വെളിയിൽ നിന്നു വന്നു താമസിക്കുന്ന മെമ്പറന്മാർക്ക് താമസിക്കുന്നതിനു വേണ്ട സൗകര്യമുണ്ടാക്കികൊടുക്കണമെന്നുള്ളതിൽ യാതൊരാക്ഷേപവുമില്ല. എന്നാൽ താമസസൗകര്യം ആവശ്യമുള്ളവരായി അനേകം പേരുള്ളപ്പോൾ അതിൽ ഏതാനും മെമ്പറന്മാർക്കു മാത്രം സൗകര്യം ചെയ്യുന്നതു വളരെ അസുഖം ഉണ്ടാക്കുന്ന ഒരു കാര്യമാണ്. എനിക്കു പറയാനുള്ളതു മെമ്പറന്മാരുടെ താമസസൗകര്യത്തിനു വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെൻറിനെ കൊണ്ടു ചെയ്യിക്കാനുള്ള അധികാരം ഈ സഭയുടെ പ്രസിഡൻറിനുണ്ടെന്നാണ്. പ്രസിഡൻറ് അങ്ങനെ ചെയ്യുമെങ്കിൽ...

MR. PRESIDENT : അതു ശരിയല്ല. അതു സംബന്ധിച്ച് റിട്ടേർസനേറ ററിവ് ബാഡി റൂംസിൽ പറയുന്നതു ഇങ്ങനെയാണ് :

> Rule 37. (g) The standing committe shall: deal with all questions relating to housing and accommodation of members of The Representative Body.

MR. K. R. ELANKATH : ഇതു് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നതു്. സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അഭിപ്രായങ്ങൾ നടപ്പിൽ കൊണ്ടുവരുവാൻ പ്രസിഡൻറിന് അധികാരമുണ്ടെന്നാണ് എൻറെ അഭിപ്രായം. അതിരിക്കട്ടെ, താമസസൗകര്യം കൊടുക്കുകയാണെങ്കിൽ അത്യാവശ്യപ്പെട്ടവർക്കെല്ലാം കൊടുക്കണം, നാല്പതുപേർ വളരെ ആവശ്യക്കാരായി ഉണ്ടെങ്കിൽ ഇരുപത്തഞ്ചുപേർക്കുമാത്രം സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന നടപടി വളരെ അസൗകര്യങ്ങൾ ഉണ്ടാക്കും. ഏതായാലും ഇതുവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലല്ലോ, അടുത്ത സെഷൻ മുതലെങ്കിലും ആവശ്യക്കാരായ എല്ലാമെമ്പറന്മാർക്കും കെട്ടിടസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യം പ്രസിഡൻറു തന്നെ ഏൽക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. നിസ്സാരമെന്നു തോന്നാമെങ്കിലും വളരെ പ്രധാനമായ ഈ കാര്യത്തിൽ അനാവശ്യമായ വാഗ്പ്രതിവാദത്തിനു തുടയാക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN (*Muvattupuzha II—General*) : ജനകീയഭരണം വിജയപ്രദമാക്കുന്നതിനും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പരസ്പരം ആലോചിച്ചു പ്രവർത്തിക്കുന്നതിനുമാണ്, രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ബഹു: ജനപ്രതിനിധികൾ ഇവിടെ വന്നത്. അവർക്ക് ഒരുമിച്ചു താമസിച്ചു പരസ്പരം സമ്പർക്കം പുലർത്തി ജനക്ഷേമകരങ്ങളായ എന്തെല്ലാം നടപടികളാണു കൈക്കൊള്ളേണ്ടതെന്ന് ആലോചിക്കുവാനും മറ്റും സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഒരു സബ് കമ്മിറ്റിയെ ഏർപ്പെടുത്തുകയും കമ്മറ്റിക്കാർ ചില കെട്ടിടങ്ങൾ സൗകര്യപ്പെടുത്തുകയും ചെയ്തത്. ജനപ്രതിനിധികളായ ഈ സഭയിലെ മെമ്പറന്മാർക്ക് ഒരുമിച്ചു താമസിച്ചും പരസ്പരം ആലോചിച്ചും സംഗതികൾ മനസ്സിലാക്കിയും രാജ്യത്തിനു ക്ഷേമകരമായ കാര്യങ്ങൾ നടത്തിയെടുത്ത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. ഇതുതന്നെ പ്രധാനമായ ഒരു സംഗതിയിൽ ജനകീയഗവണ്മെൻറിന്റെ ഉദാസീനത അക്ഷന്തവ്യമാണ്. (ഹീയർ, ഹീയർ) ഈ വിധത്തിലാണ് ഇനിയും കാര്യങ്ങൾ തുടരുന്നതെങ്കിൽ ജനകീയഭരണം കരിക്കലും പുരോഗമിക്കാൻ പോകുന്നില്ലെന്നു മുൻകൂട്ടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. മന്ത്രിമാരുടെ ഈ ഉദാസീനത വാസ്തവത്തിൽ അവരെ ആ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ച ഈ രാജ്യത്തെ അറുപതുലക്ഷം ജനങ്ങളോടും അവരുടെ പ്രതിനിധികളോടും കാണിക്കുന്ന അനാദരവാണ്. ഈ അനാദരഭാവം തുടർന്നുപോയാൽ അതിന്റെ ഫലം എന്തായിരിക്കുമെന്ന ഭീതിജനകമായ ഒരു കവശം വച്ചുകൊണ്ടിരിക്കുന്നവർ മുൻകൂട്ടി ചിന്തിക്കുന്നതു നന്നായിരിക്കും. (ഹീയർ, ഹീയർ)

MR. K. A. MATHEW : സർ, മെമ്പറന്മാരുടെ താമസത്തിനു യാതൊരു സൗകര്യവും ഗവണ്മെൻറ് ഏർപ്പാടു ചെയ്യാതിരുന്നതു ഖേദജനകമാണെന്നുള്ളതിനു സംശയമില്ല. ഈ ജനപ്രതിനിധിസഭയുടെ അഭിലാഷത്തെ അവഗണിക്കുകയായിരുന്നു ഗവണ്മെൻറു ചെയ്തതു എന്നു പറവാൻ ഞാൻ മടിക്കുന്നില്ല. ഗതിമുട്ടിവരുന്നവർക്കു കേറിക്കിടക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്നതല്ല ഹൗസിംഗ് അക്കാമഡേഷൻ വേണമെന്നു പറയുന്നതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു. നേരെമറിച്ച് മെമ്പറന്മാർക്കു ഒരുമിച്ചു താമസിച്ചു പരസ്പരം സമ്പർക്കം പുലർത്തുന്നതിനുള്ള സൗകര്യമാണ് വേണ്ടതു്. എന്നാൽ ഇന്നുവിടെ ഇതുപോലെ സംസാരമുണ്ടായതിനു ശേഷം ഒരു മന്ത്രി അല്പോഹം താമസി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന സ്ഥലത്തുനിന്നും മാറിത്താക്കാട്ടുകയും, അവിടെ അത്യാവശ്യക്കാരായ മെമ്പറന്മാർക്ക് ഇന്നതന്നെ താമസിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യാമെന്ന ബഹു: മി. ടി. എം. വർഗ്ഗീസ് പറയുന്നു. എന്നാൽ അതു ക്ഷണം സാധിക്കുന്നതിന് ഈ അസംബ്ലിയിലെ അംഗങ്ങളിലാരും തന്നെ തയ്യാറാകുകയില്ലെന്നു ഞാൻ പറയുന്നു. (ഹിയർ ഹിയർ). മെമ്പറന്മാർ ഇവിടെ വന്നിരിക്കുന്നതു വല്ല ഹോട്ടലിലോ മറ്റോ താമസിച്ചിട്ടു തിരിയെ പോകുവാനല്ല; രാജ്യത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന അടിയന്തിരവും പ്രധാനവുമായ കാര്യങ്ങളെ കുറിച്ചു ചിന്തിച്ചു തീരുമാനങ്ങൾ ചെയ്യുന്നതിനാണു വന്നിരിക്കുന്നതു്. അതിനു താമസസൌകര്യങ്ങൾ അത്യാവശ്യമത്രെ. ഈ കാര്യത്തിൽ ഗവണ്മെൻറു കാണിച്ചിരിക്കുന്ന അനാസ്ഥ അക്ഷോപാർഹമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അംഗങ്ങളുടെ സൌകര്യത്തെ ഗണിക്കാതെയും ഈ സഭയുടെ അന്തസ്സിന് അനുയോജ്യമല്ലാതെയും ഉള്ള ഗവണ്മെൻറിന്റെ പെരുമാറ്റത്തെ ശക്തിപൂർവ്വം പ്രതിഷേധിക്കുകയും ഇപ്പോഴുണ്ടെന്നു പറയുന്നതുപോലുള്ള സൌകര്യങ്ങൾ സാധിക്കുവാൻ ആയം ആഗ്രഹിക്കുന്നില്ലെന്നു വ്യക്തമാക്കുകയും ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ഹിയർ ഹിയർ). മന്ത്രിമാർ ഒഴിഞ്ഞുപോകുന്ന മന്ദിരങ്ങളിൽ പോയി താമസിക്കുന്നതിനേക്കാൾ ഭേദം അസൌകര്യങ്ങൾ വളരെ ഉള്ള അങ്ങളുടെ ഇപ്പോഴത്തെ താമസസ്ഥലങ്ങളിൽ തന്നെ തുടരുകയാണെന്നു തോന്നുന്നു.

MR. PRESIDENT : ഇതെപ്പറ്റി ഇനി അധികം അഭിപ്രായം പറയാനില്ലെന്നു വിശ്വസിക്കുന്നു. ഇന്നുതന്നെ ഇതിനെപ്പറ്റി താൻ ഗവണ്മെൻറിലേക്ക് എഴുതുന്നതാണ്. ഗവണ്മെൻറ് ഇതിനൊരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുമെന്നും വിശ്വസിക്കുന്നു. അജൻഡായിൽ ഉൾപ്പെടുത്തിയിട്ടുള്ള നടപടികളെല്ലാം കഴിഞ്ഞിരിക്കുന്നു.

ഇനി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ സീറ്റിംഗ് അറേഞ്ചുമെൻറിനെ സംബന്ധിച്ചാണ്. ഇപ്പോഴത്തെ സീറ്റിംഗ് അറേഞ്ചുമെൻറിനെ സംബന്ധിച്ച് പലർക്കും പരാതിയുണ്ട്. അതുകൊണ്ട് ഇന്നു ഈ സഭ പിരിഞ്ഞതിനുശേഷം സീറ്റുകൾ ഏതുവിധത്തിലാണ് അറേഞ്ചു ചെയ്യേണ്ടതെന്നു നിർദ്ദേശിക്കുവാൻ പാർട്ടിലീഡറന്മാരും ഇപ്പോഴത്തെ വ്യവസ്ഥയിൽ പരാതിയുള്ളവരും ഇവിടെനിന്നു നിർദ്ദേശങ്ങൾ തരുകയും അതനുസരിച്ച് ഞാൻ അറേഞ്ചു ചെയ്യുവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

അടുത്ത സമ്മേളനം എപ്പോൾ വിളിച്ചുകൂട്ടണമെന്ന് നിശ്ച യിക്കേണ്ടിയിരിക്കുന്നു. നിയമപ്രകാരം മുന്നു ദിവസത്തിൽ കുടാത്ത കാലത്തിനകം ഈ യോഗം നിട്ടിവയ്ക്കുന്നതിനു മാത്രമേ പ്രസിഡ ന്റിനധികാരമുള്ളു. തീയതി നിശ്ചയിച്ചു ഈ യോഗം വിളിച്ചുകൂട്ട ന്നതിനുള്ള അധികാരം ഈ സഭ പ്രസിഡന്റിനു നൽകുന്നതിൽ അതിനു എന്തെങ്കിലും കാണുകയുണ്ടോയെന്നു വിചാരിക്കുന്നു.

യോഗം എപ്പോൾ കൂടുന്നു എന്ന വിവരത്തിനു തീയതി നിശ്ച യിച്ച് എല്ലാവർക്കും നോട്ടീസയയ്ക്കുന്നതാണു.

The House adjourned *sine die* at 3 P. M.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly